(ബി) ഉണ്ടെങ്കിൽ എന്താണ് തടസ്സങ്ങൾ എന്ന് വ്യക്തമാക്കുമോ ;

(സി) അവ ദൂരികരിക്കുന്നതിനും സബ് സ്റ്റേഷൻ പണി ആരംഭിക്കുന്നതിനും സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടിയിലെ കൊരട്ടിയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കണ്ടെത്തിയ സ്ഥലം വൈഗ ത്രെഡ്സിന് ലീസിന് കൊടുത്തിട്ടുള്ളതാണ്. ലീസ് ഡീസ് ക്യാൻസൽ ചെയ്തതിനുശേഷം മാത്രമേ സബ് സ്റ്റേഷനുള്ള സ്ഥലം ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. തൃശ്ശൂർ ജില്ലാ കളക്ടർ ഇതു സംബന്ധിച്ച ഓർഡർ പുറപ്പെടുവിക്കേണ്ടതുണ്ട്.

(സി) കെ. എസ്. ഇ. ബി. തൃശ്ശൂർ സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തൃശ്ശൂർ ജില്ലാ കളക്ടറുമായി ഇതു സംബന്ധിച്ച് ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്.

പുത്തൻവേലിക്കര സബ് സ്റ്റേഷന്റെ നിർമ്മാണം

37 (927) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുത്തൻവേലിക്കരയിൽ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥലമെടുപ്പ് പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുത്തൻവേലിക്കരയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം 19-3-2001-ലെ ഉത്തരവു പ്രകാരം ലാൻസൻ ആന്റ് ട്യൂബ്രോ കമ്പനിക്ക് ടേൺ കീ വ്യവസ്ഥയിൽ നൽകിയിരുന്നുവെങ്കിലും പ്രസ്തുത കമ്പനി ഇതുവരെ എഗ്രിമെന്റ് വച്ചിട്ടില്ല. ജോലി പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 31 കെ. വി. സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി

38 (928) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ തൃക്കരിപ്പൂർ, വെസ്റ്റ് എളേരി 31 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവയുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ എത്ര കാലം വേണ്ടി വരുമെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൃക്കരിപ്പൂർ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഏകദേശം എഴുപത് ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് കളക്ടറുടെ തീർപ്പനുസരിച്ച് മറ്റൊരു റൂട്ടിൽ കൂടിയുള്ള സർവ്വേ നടക്കുകയാണ്. വെസ്റ്റ് എളേരി 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം ഏകദേശം അറുപത് ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനുകൾ ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കെ. എസ്. ഇ. ബി. ബഡ്ജറ്റിൽ പണം വകയിരുത്തിയ 33 കെ. വി. സബ് സ്റ്റേഷനുകൾ

39 (929) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷമായി ബോർഡിന്റെ ബഡ്ജറ്റിൽ പണം വികയിരുത്തിയതും ലക്ഷ്യമായി പ്രഖ്യാപനം നടത്തിയിട്ടുള്ളതുമായ 33 കെ. വി. സബ് സ്റ്റേഷനുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഗവൺമെന്റിന്റെ പ്രഖ്യാപനം അനുസരിച്ച് എല്ലാ സബ്സ്റ്റേഷനുകളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) എത്രശതമാനം സബ് സ്റ്റേഷനുകളുടെ വർക്കുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) ബോർഡ് സ്ഥലം അക്വയർ ചെയ്യുകയും വർക്ക് ടെണ്ടർ ചെയ്യുകയും ചെയ്ത ഏതെല്ലാം 33 കെ. വി. സബ്സ്റ്റേഷനുകളുടെ പണി ഈ വർഷം പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(ബി) ഇല്ല.

(സി) 16%

(ഡി) ഈ വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

വടക്കേക്കര സബ് സ്റ്റേഷൻ

40 (930) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കേക്കര സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly